(ബി) വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയിട്ടുണ്ട്.

(സി) കേസ് അന്വേഷണം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ അന്വേഷണത്തിൻമേൽ മറ്റ് തുടർനടപടി സ്വീകരിക്കുന്നത് തൽക്കാലത്തേക്ക് നിർത്തിവച്ചിരിക്കുകയാണ്. സ്റ്റേ നീക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വ്യാജമായി ചമച്ച 1600/1923 എന്ന പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ഹാരിസൺ മലയാളം ലിമിറ്റഡ് 8-3-1985-ൽ പുനലൂർ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 1008/1985 എന്ന ആധാരത്തിലും 31-3-2004-ൽ പീരുമേട് സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 1150/1/2004 എന്ന ആധാരത്തിലും 24-6-2005-ൽ പുനലൂർ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 2840/05 എന്ന ആധാരത്തിലും 2-8-2005-ൽ എരുമേലി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 2329/05 എന്ന ആധാരത്തിലും സ്ഥലങ്ങൾ വില്പന നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ടി 1600/1923 എന്ന പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) മേൽ പരാമർശിച്ചിരിക്കുന്ന വിജിലൻസ് കേസിന്റെ അന്വേഷണത്തെ തടഞ്ഞുകൊണ്ട് ഹാരിസൺ മലയാളം ലിമിറ്റഡ് ബഹു കേരള ഹൈക്കോടതിയിൽ നിന്നും Crl.MC 6447/13 എന്ന നമ്പരിൽ വിധി സമ്പാദിച്ചിട്ടുണ്ട്.

(എഫ്) കേസന്വേഷണം തടഞ്ഞുകൊണ്ടുള്ള ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അനുമതിയോടെ സീനിയർ ഗവൺമെന്റ് പ്ലീഡർ മുഖാന്തിരം തുടരന്വേഷണം നടത്തുന്നതിന് തടസങ്ങൾ നീക്കണമെന്ന സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്.

ഭൂരഹിതകേരളം പദ്ധതി പ്രകാരം ചാത്തന്നൂർ നിയോജകമണ്ഡല പരിധിയിൽനിന്നും ലഭിച്ച അപേക്ഷകൾ

148 (7148) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ഭൂരഹിതകേരളം പദ്ധതി പ്രകാരം ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ പരിധിയിൽനിന്നും ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നത് ; ഈ അപേക്ഷകൾ പരിശോധിച്ചതിൽ എത്രപേർക്ക് പദ്ധതി പ്രകാരം ഭൂമി ലഭിക്കുവാൻ അർഹതയുണ്ടെന്ന് കണ്ടെത്തിയെന്ന് അറിയിക്കുമോ ;

(ബി) അർഹതപ്പെട്ട അപേക്ഷകരിൽ എത്രപേർക്ക് നാളിതുവരെ ഭൂമി ലഭ്യമാക്കിയിട്ടുണ്ട് ; ശേഷിക്കുന്ന അപേക്ഷകർക്ക് ഭൂമി നൽകുവാൻ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' പ്രകാരം ചാത്തന്നൂർ നിയമസഭാ നിയോജക മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിൽ ആകെ 1906 അപേക്ഷകളാണ് ലഭിച്ചത്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ചതിൽ 1797 കുടുംബങ്ങൾ ഭൂമി ലഭിക്കുന്നതിന് അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ചാത്തന്നൂർ നിയമസഭാ നിയോജക മണ്ഡലത്തിൽനിന്നും അർഹരായ 38 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഭൂരഹിത കുടുംബങ്ങൾക്ക് രണ്ടാം ഘട്ടത്തിൽതന്നെ ഭൂമി നൽകുന്നതിനുള്ള കർമ്മ പരിപാടികൾക്ക് രൂപം നൽകിവരുന്നു.

മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ

150 (7118) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. രാജു :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ രൂപീകരിച്ചതെന്നാണ് ;

(ബി) ഈ ട്രൈബ്യൂണലിന് മുൻപാകെ ഇതുവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഇതുവരെ എത്ര കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട് ;

(സി) കെട്ടിക്കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയാതിരിക്കുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) തീർപ്പായ കേസ്സുകളിൽ എന്തെല്ലാം തുടർനടപടികൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 15-2-2011-ലാണ് മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ രൂപീകരിച്ചത്. 7-2-2012-ൽ അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ചുമതല ഏറ്റപ്പോൾ മുതലാണ് പ്രസ്തുത ട്രൈബ്യൂണൽ പൂർണമായും പ്രവർത്തനസജ്ജമായത്.

(ബി) മൂന്നാർ പ്രത്യേക ട്രൈബ്യൂണലിന്റെ തുടക്കത്തിൽ 165 കേസ്സുകൾ പരിഗണനയ്ക്ക് വന്നിരുന്നു. അതിൽ 89 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ ബഹു. കേരള ഹൈക്കോടതിയുടെ 11-4-2014-ലെ ഒ.പി.(സി) 823/14 നമ്പർ കേസിലെ വിധിയെത്തുടർന്ന് 361 കേസ്സുകൾ പ്രത്യേക ട്രൈബ്യൂണലിലേക്ക് കൈമാറിയിട്ടുണ്ട്. ഇപ്രകാരം ആകെ 526 കേസ്സുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.